# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6356   21.11.2019 ൽ മറുപടിക്ക്**

**പ്രളയാനന്തര നിർമ്മാണ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, റോജി എം. ജോൺ<br>,, വി.ഡി.സതീശൻ<br>,, ഷാഫി പറമ്പിൽ | ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് ഇതിനകം ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;<br><br>ബി) പ്രളയാനന്തര നവകേരളം നിർമ്മാണം പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ നടപ്പിലാക്കുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | എ) & ബി) 2018 ജൂലൈ - ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരളാ ഇനിഷിയേറ്റീവിന്റെ ഭാഗമായി ജർമ്മൻ/ ലോകബങ്കുകളുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ജർമ്മൻ ബാങ്കിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ റോഡുകളുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ട പ്രഥമ പരിഗണനയർഹിക്കുന്ന ഏകദേശം 819 കി മീ വരുന്ന റോഡുകൾ ആദ്യഘട്ടമായി പുനർനിർമ്മിക്കുന്നതിന് 13.08.2019 ലെ സർക്കാർ ഉത്തരവ് സ ഉ (കൈ) നം 25/2019/ആ.സാ.വ പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള റോഡുകൾ പ്രകൃതിദുരന്തത്തിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനും പരിസ്ഥിതി സൗഹാർദ്ദപരമായ നിർമ്മാണരീതികളും ഉൾപ്പെടുത്തിയതാണ്. |

സി) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ തകർന്ന ദേശീയ പാതകളുടെ സ്ഥായിയായ അറ്റകുറ്റപ്പണികൾക്ക് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ;

ഡി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സി) & ഡി) 2019 ആഗസ്റ്റ് മാസത്തിൽ ദേശീയപാതയ്ക്ക് ഉണ്ടായ നാശനഷ്ടങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ഉപരിതലം പുതുക്കുന്നതിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹു.മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. ഇത് കൂടാതെ 457 കോടി രൂപയുടെ പട്ടിക ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| | | | | (കി.മീ) |
|---|---|---|---|---|
| 1 | മൂകന്നൂർ - ഏഴാറ്റുംമുഖം റോഡ് ബ്ലാച്ചിപ്പാറ -പാലിശ്ശേരി റോഡ് | അങ്കമാലി | എറണാകുളം | 20.30 |
| 2 | കക്കാടശ്ശേരി - കാളിയാർ റോഡ് (എറണാകുളം ജില്ല) | മൂവാറ്റുപുഴ | എറണാകുളം | 20.60 |
| 3 | മൂവാറ്റുപുഴ - തേനി എസ്.എച്ച് റോഡ്(എറണാകുളം ജില്ല) | മൂവാറ്റുപുഴ | എറണാകുളം | 15.75 |
| 4 | കുമരകം - നെടുമ്പാശ്ശേരി റോഡ് (എസ്.എച്ച്) (എറണാകുളം ജില്ല) | പിറവം | എറണാകുളം | 21.03 |
| 5 | നെയ്യാശ്ശേരി - തോക്കുംപൻസാഡിൽ റോഡ് (ഇടുക്കി ജില്ല) | തൊടുപുഴ | ഇടുക്കി | 28.50 |
| 6 | നെന്മാറ - നെല്ലിയാമ്പതി റോഡ് (പാലക്കാട് ജില്ല) | നെന്മാറ | പാലക്കാട് | 30.71 |
| 7 | കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ എസ്. എച്ച് റോഡ് (തൃശ്ശൂർ ജില്ല) | കൊടുങ്ങല്ലൂർ, ഇരിഞ്ഞാലക്കുട, നാട്ടിക, തൃശ്ശൂര | തൃശ്ശൂർ | 34.00 |
| 8 | വാഴക്കോട് പ്ലാഴി റോഡ് (തൃശ്ശൂർ ജില്ല) | ചേലക്കര | തൃശ്ശൂർ | 22.64 |
| 9 | തൃശ്ശൂർ - കുറ്റിപ്പുറം റോഡ് ( എസ്.എച്ച്- 69) (തൃശ്ശൂർ ജില്ല) | തൃശ്ശൂർ, വടക്കാഞ്ചേരി, മണലൂർ, കുന്നംകുളം, പൊന്നാനി, തവനൂർ | തൃശ്ശൂർ | 29.98 |
| 10 | എടൂർ - കമ്പനിനിരത്ത് - ആനപന്തി - അങ്ങാടിക്കടവ് - വാണിയപ്പാറ - ചരൽ- വളവുപാറ - കച്ചേരിക്കടവ് - പാലത്തുംകടവ് റോഡ് | കണ്ണൂർ | പേരാവൂർ | 24.45 |
| 11 | ഉറുവാച്ചാൽ - മണക്കായി - വാളയാൽ (വാളയാൽ അക്വഡക്ട് നു സമാന്തരമായുള്ള പാലം ഉൾപ്പെടെ) - കീഴല്ലൂർ - തേരൂർ - പാലയോട് - വെള്ളപറമ്പ് - കരിമ്പല കോളനി - മരുത്തായി റോഡ് | കണ്ണൂർ | മട്ടന്നൂർ | 20.43 |
| 12 | കുമ്പള - ബദിയടുക്ക - മുള്ളേരിയ റോഡ് | കാസർകോട് | കാസർകോട് മഞ്ചേശ്വരം | 29.55 |
| 13 | കൊയിലാണ്ടി - താമരശ്ശേരി - മുക്കം - അരീക്കോട് - ഇടവണ്ണ റോഡ് (കോഴിക്കോട് ജില്ല)<br>1. 0.00കി.മീ മുതൽ 25.00 വരെ - കൊയിലാണ്ടി - പൂന്നൂർ റോഡ്<br>2. 25.00കി.മീ മുതൽ 37.500 വരെ- പൂന്നൂർ - ഓമശ്ശേരി റോഡ്<br>3. 37.500 കി.മീ മുതൽ 51.200 വരെ - ഓമശ്ശേരി - എരഞ്ഞിമാവ് | കോഴിക്കോട് | കൊയിലാണ്ടി, ബാലുശ്ശേരി, കൊടുവള്ളി, തിരുവമ്പാടി | 52.50 |
| 14 | വൈത്തിരി - തരുവന റോഡ് | വയനാട് | കൽപ്പറ്റ | 20.75 |
| 15 | ഗാന്ധിനഗർ - മെഡിക്കൽ കോളേജ് - ബാബു ചാഴിക്കാടൻ റോഡ് - കോട്ടയം - പരിപ്പ് റോഡ് - അതിരമ്പുഴ ലേഷ്യോ- കൈപ്പുഴ - മാന്നാനം - പുലിക്കുട്ടിശ്ശേരി - പാറോലിക്കൽ - മുട്ടപ്പള്ളി റോഡ് (കോട്ടയം ജില്ല) | ഏറ്റുമാനൂർ | കോട്ടയം | 21.95 |

| | | | | |
|---|---|---|---|---|
| 16 | വടയാർ - ചന്ദ്രപ്പാലം - മുളക്കുളം റോഡ് - വടയാർ - കല്ലാട്ടിപ്പാലം - മുട്ടുച്ചിറ റോഡ്(കോട്ടയം ജില്ല) | വൈക്കം, കടത്തുരുത്തി | കോട്ടയം | 24.70 |
| 17 | പത്തനംതിട്ട - അയിരൂർ - മുട്ടുകുടുക്ക - ഇല്ലത്തുപടി - മുട്ടുക്കുടുക്ക- പ്രാക്കാണം - പ്രാക്കാണം ഇലവുംത്തിട്ട - കുളനട - രാമൻചിറ - താന്നിക്കുഴി - തോന്നിയമല റോഡ് (പത്തനംതിട്ട ജില്ല) | ആറന്മുള | പത്തനംതിട്ട | 28.12 |
| 18 | മല്ലപ്പള്ളി - കോമളം -പടുത്തോട് -കല്ലുപ്പാറ - ചെങ്ങരൂർ - കോമളം - കവുങ്ങുംപ്രയാർ- പട്ടക്കാല - ടി. എം. വി റോഡ് | തിരുവല്ല | പത്തനംതിട്ട | 22.65 |
| 19 | മലമേക്കര - കുന്നത്തുകാല -ചാല പുത്തൻചന്ത -ഫാക്ടറി ജംഗ്ഷൻ - ആസാദ് ജംഗ്ഷൻ റോഡ് | അടൂർ | പത്തനംതിട്ട | 8.60 |
| 20 | തിരുവനന്തപുരം - പൊൻമുടി റോഡ് (നെടുമങ്ങാട് മുതൽ പൊൻമുടി വരെ) | നെടുമങ്ങാട്, അരുവിക്കര, വാമനപുരം | തിരുവനന്തപുരം | 41.00 |
| 21 | പെരുമ്പിലാവ് - നിലമ്പൂർ റോഡ് | മലപ്പുറം | പെരിന്തൽമണ്ണ | 24.40 |
| 22 | കൊയിലാണ്ടി - എടവണ്ണ റോഡ് | മലപ്പുറം | ഏർനാട്, മലപ്പുറം, മഞ്ചേരി | 32.50 |
| 23 | പാലക്കാട് - പെരിന്തൽമണ്ണ | പാലക്കാട് | മലമ്പുഴ, കോങ്ങാട്, ഒറ്റപ്പാലം | 36.80 |
| 24 | താവളം മുള്ളി റോഡ് | പാലക്കാട് | മണ്ണാർക്കാട് | 28.80 |
| 25 | മാനന്തവാടി - വിമലനഗർ - കുളത്തട - വാലാട് എച്ച്. എസ്- പെരിയ റോഡ് | വയനാട് | മാനന്തവാടി | 24.80 |

സെക്ഷൻ ഓഫീസർ